**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *595** **28.10.2016 ൽ മറുപടിയ്ക്ക്**

## കർഷകക്ഷേമ ബോർഡ് രൂപീകരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.ബി.ഗണേഷ് കുമാർ**<br>**ശ്രീ.കെ.കൃഷ്ണൻകുട്ടി**<br>**ശ്രീ.സി.കെ.നാണു**<br>**ശ്രീ.തോമസ് ചാണ്ടി** | **ശ്രീ. വി.എസ്.സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| എ) 2015-2016 ൽ അംഗീകരിച്ചതും കേരളത്തിന്റെ കാർഷിക വികസന നയത്തിൽ ശിപാർശ ചെയ്യുന്നതുമായ കർഷകക്ഷേമ ബോർഡിന്റെ രൂപീകരണത്തിനായി 2013 നും 2017നും ഇടയ്ക്കുള്ള കാലയളവിൽ ഏതെങ്കിലും സാമ്പത്തിക വർഷങ്ങളിൽ ബഡ്ജറ്റിൽ പണം വകയിരുത്തിയിരുന്നോയെന്ന് വ്യക്തമാക്കാമോ; | എ) ഉണ്ട്. കർഷക ക്ഷേമ ബോർഡ് രൂപീകരണത്തിനും തുടർ നടപടികൾക്കുമായി 2013-നും 2017-നും ഇടയ്ക്കുള്ള കാലയളവിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക ചുവടെ ചേർക്കുന്നു. |

| **വർഷം** | | **ബഡ്ജറ്റിൽ വകയിരുത്തിയ തുക (രൂപ ലക്ഷം)** |
|---|---|---|
| 2012-13 | - | 250.00 |
| 2013-14 | - | 250.00 |
| 2014-15 | - | 25.00 |
| 2015-16 | - | 25.00 |
| 2016-17 | - | 25.00 |

| | |
|---|---|
| ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും ഗവൺമെന്റ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഇതിന്റെ കരട് രൂപരേഖ, കരട് ബിൽ എന്നിവ തയ്യാറാക്കിയിട്ടുണ്ടോ; ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | ബി) 20.02.2016 ലെ സർക്കാർ ഉത്തരവ് (എം എസ്) 31/16/കൃഷി പ്രകാരം കർഷക ക്ഷേമ ബോർഡ് രൂപീകരിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ കരട് രൂപരേഖ, കരട് ബിൽ എന്നിവ അന്തിമമായി തയ്യാറാക്കിയിട്ടില്ല. കർഷകക്ഷേമ ബോർഡ് രൂപീകരണം സർക്കാരിന്റെ പരിഗണനയിലാണ്. |
| സി) ലേബർ പ്രോവിഡന്റ് ഫണ്ട് മാതൃകയിൽ കർഷകർക്ക് വേണ്ടി കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഒരു ഫാർമർ പ്രോവിഡന്റ് ഫണ്ട് രൂപീകരിക്കണമെന്ന നിർദ്ദേശം നടപ്പിലാക്കാനായി കൃഷി വകുപ്പ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിന്റെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ; | സി) ഇതുമായി ബന്ധപ്പെട്ട് ഔദ്യോഗികതല മീറ്റിംഗ് നടന്നിട്ടില്ല. |

ഡി) കാർഷിക വികസന നയം നടപ്പാക്കുന്നതിനായി കൃഷി വകുപ്പിൽ രൂപീകൃതമായ സബ് കമ്മിറ്റി ഗവൺമെന്റിലേക്ക് സമർപ്പിക്കുന്നതിനു വേണ്ടി കൃഷി വകുപ്പ് ഡയറക്ടർക്ക് നൽകിയ നിർദ്ദേശങ്ങളും അവയിലെ തീരുമാനങ്ങളും വിശദമാക്കുമോ?

ഡി) **നിർദ്ദേശങ്ങൾ**

- കുട്ടനാട് കോൾനിലങ്ങളിലെ കർഷകർക്കു നൽകുന്ന പമ്പിംഗ് സബ്സിഡി സഹായം കൃഷി വകുപ്പ് വഴി നൽകുക.
- കർഷകൻ, കൃഷി, കൃഷിയിടം എന്നിവ സംബന്ധിച്ച് നിർവ്വചനങ്ങൾക്ക് അംഗീകാരവും വിജ്ഞാപനവും.
- കൃഷി വകുപ്പിന്റെ പുനർനാമകരണം.
- സുഗന്ധവ്യഞ്ജനങ്ങളുടെ വിലയിടിവിൽ അടിക്കടി ഉണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ പരിഹരിക്കുന്നതിന് വിലസ്ഥിരതാ ഫണ്ട് രൂപീകരിക്കണം.
- കേരളത്തിലെ മാവുകൃഷി മേഖലയുടെ സമഗ്ര വികസനം.
- കാർഷിക യന്ത്രങ്ങളെ മൂല്യവർദ്ധിത നികുതിയിൽ നിന്ന് ഒഴിവാക്കുന്നത്.
- നെൽകൃഷി - വിസ്തൃതി വർദ്ധനവ് - ഉത്പ്പാദനക്ഷമത വർദ്ധനവ് - നെല്ല് സംഭരണ ഫണ്ട് രൂപീകരണം - കർമ്മ പദ്ധതികൾ തയ്യാറാക്കൽ.
- പലിശരഹിത വായ്പ കൂടുതൽ മേഖലയിലേക്ക് (മറ്റു ധാന്യങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ, ഇടവിള കൃഷി, പയർ വർഗ്ഗങ്ങൾ) വ്യാപിപ്പിക്കുന്നതിനുള്ള നിർദ്ദേശം.
- കൃഷി വകുപ്പിന്റെ അധീനതയിലുള്ള ഫാമുകളുടെയും, അർബൻ / റൂറൽ ഹോൾസെയിൽ മാർക്കറ്റുകളുടെയും ഭൂമി സംരക്ഷണം - കേരളത്തിലെ പ്രസ്തുത ഭൂമികളുടെ സംരക്ഷണത്തിന്റെ പൂർണ്ണചുമതല കൃഷി വകുപ്പ് ഡയറക്ടർക്ക് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നിർദ്ദേശം.
- വിവര സാങ്കേതിക വിദ്യ കാര്യക്ഷമമായ രീതിയിൽ നടപ്പിലാക്കുന്നതിന് കാർഷിക വിജ്ഞാന വ്യാപനം നവീകരിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുക.

- കശുമാവ് ഉത്പാദന വർദ്ധനവിന് മിഷൻ രൂപത്തിൽ ഒരു സമഗ്ര കർമ്മപദ്ധതി തയ്യാറാക്കി ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാ ഏജൻസികളെയും കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ കൊണ്ടുവന്ന് കശുവണ്ടി വികസനം ലക്ഷ്യമാക്കി കർഷക ഉത്പ്പാദക കമ്പനികൾ രൂപീകരിക്കുക, സംഭരണം, വിപണനം, വായ്പാടിസ്ഥാന സൗകര്യ വികസനം, കശുമാങ്ങ സംസ്കരണം എന്നിവ കാര്യക്ഷമമായി നടപ്പിലാക്കുവാൻ പദ്ധതികൾ ആവിഷ്കരിക്കുക - എസ് എച്ച് എം, കശുവണ്ടി വികസന കോർപ്പറേഷൻ, കാർഷിക സർവ്വകലാശാല, നാഷണൽ ഹോർട്ടികൾച്ചർ ബോർഡ്, വ്യവസായ - തൊഴിലാളി പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി വികസന മീറ്റിംഗ് 3 ജില്ലകൾ കേന്ദ്രീകരിച്ച് (കൊല്ലം, കാസർഗോഡ്, കണ്ണൂർ) വിളിച്ചു ചേർത്ത് സമഗ്ര പദ്ധതി രൂപവല്കരിച്ച് കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനുള്ള ശുപാർശ.
- കർഷക ക്ഷേമ ബോർഡ് രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസലും കരട് ബില്ലും സർക്കാർ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള ശുപാർശ.

കഴിഞ്ഞ സർക്കാർ കൃഷി വകുപ്പിന്റെ പുനർനാമകരണം നടപ്പിലാക്കി. കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കാർഷിക മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി വിവിധ പദ്ധതികൾ /നിർദ്ദേശങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഈ സർക്കാർ സ്വീകരിച്ചു വരുന്നു.

(ഒപ്പ്)
സെക്ഷൻ ഓഫീസർ